**ഭരണഭാഷ മാതൃഭാഷ**

**നം. എൻ4/32368/2018/കോ.വി.വ**

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം
**തീയതി : 13-01-2020**

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പെൻഷൻ അപേക്ഷകൾ പ്രിസം മുഖേന സമർപ്പിക്കുന്നത് നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

1. Prism Online Pension അപേക്ഷയുടെ Hard Copy ഈ ഓഫീസിൽ ലഭ്യമായതിന് ശേഷം online അപേക്ഷ PSA – ക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ട്. ആയതിനാൽ online അപേക്ഷയുടെ Hard Copy അയക്കുന്നതിനോടൊപ്പം അപേക്ഷകൾ Online ആയി PSA – ക്ക് സമർപ്പിക്കേണ്ടതാണ്. ആമുഖ കത്തിൽ പെൻഷനറുടെ പെൻ നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ആമുഖ കത്തിനോടൊപ്പം സേവനപുസ്തകം, സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്. സർക്കാർ കോളേജ് അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും ഡിസ്ക്രിപ്റ്റീവ് റോൾ അതത് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി അവസാനശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം ബന്ധപ്പെട്ട ട്രഷറിക്ക് നേരിട്ട് നൽകേണ്ടതാണ്. എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ഡിസ്ക്രിപ്റ്റീവ് റോൾ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി എൽ.പി.സി യോടു ബന്ധപ്പെട്ട ട്രഷറിക്ക് നേരിട്ട് നൽകേണ്ടതാണ്.

2. അദ്ധ്യാപകർ പെൻഷൻ അപേക്ഷ ഈ ഓഫീസിലേക്ക് പ്രിസം വഴി ഓൺലൈനായി അയക്കുമ്പോൾ വിരമിക്കൽ തീയതി സൂപ്പറാനുവേഷൻ തീയതി എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ/പ്രിൻസിപ്പൽമാർ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പെൻഷൻ അപേക്ഷ ഓൺലൈനായി ഡയറക്ടർക്ക് സമർപ്പിച്ച ശേഷം അനുബന്ധരേഖകൾ ഒന്നും തന്നെ അയയ്ക്കുവാൻ ഇല്ലെങ്കിൽ പോലും ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിവരം (പെൻ നമ്പർ സഹിതം) ഈ ഓഫീസിൽ അറിയിയക്കേണ്ടതാണ്. സർക്കാർ കോളേജിലെ പ്രിൻസിപ്പൽമാരുടേയും ഡെപ്യൂട്ടി ഡയറക്ടർമാരുടേയും ഡിസ്ക്രിപ്റ്റീവ് റോൾ (ഒറിജിനൽ) രണ്ട് കോപ്പി ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.

ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- സൂചന കത്ത്

പകർപ്പ്:- സിസ്റ്റം മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

1861481